**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3308**

**14.07.2015 ലെ മറുപടിക്ക്**

നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് ബസുകൾ

| ചോദ്യം.<br>ശ്രീ. രാജു എബ്രഹാം. | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് ബസുകൾ വാങ്ങി നൽകുന്നതിന് അനുമതി തേടിക്കൊണ്ട് ഗതാഗത വകുപ്പ് നൽകിയ ഫയൽ എന്നാണ് ധനകാര്യ വകുപ്പിലെത്തിയത്; എത്ര എം.എൽ.എ മാരുടെ എത്ര കോടി രൂപയുടെ നിർദ്ദേശമാണ് വന്നത്; | കെ.എസ്.ആർ.ടി.സിയ്ക്ക് ബസ്സ് വാങ്ങുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗതാഗത വകുപ്പിൽ നിന്നും ലഭിച്ച ഫയലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഫയൽ നം.9837/A2/2014/ഗതാഗതം തീയതി 21.07.2014.<br>2) ഫയൽ നം.14086/A2/2014/ഗതാഗതം തീയതി 22.01.2015.<br>8 എം.എൽ.എ മാരുടെ 7.40 കോടി രൂപയുടെ നിർദ്ദേശമാണ് ലഭിച്ചിരുന്നത്. |
| (ബി) | ഇവർക്ക് ധനകാര്യ വകുപ്പ് കൺകറൻസ് നൽകുകയുണ്ടായോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കൺകറൻസ് നൽകാതിരുന്നതെന്ന് വിശദമാക്കാമോ; | പൊതുജനോപകാരപ്രദവും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി യ്ക്ക് ബസ്സ് വാങ്ങുന്നതിനായി ടി ഫണ്ട് വിനിയോഗിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ല. സർക്കാരിന്റെ സാമ്പത്തിക പരിമിതികളും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ദീർഘകാലം നിലനിൽക്കണമെന്നുള്ള താല്പര്യവും കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. യ്ക്ക് ഫണ്ട് അനുവദിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി. യെ പുനരുദ്ധരിക്കുന്നതിനായി നൽകിയ ഈ പാക്കേജിന് പ്രത്യേക പരിഗണന നൽകി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | തത്ക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**